DESPATCHED
On 05/02/22

15/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 351*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1858** /*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പാലയ്ക്കൽ അബ്ദുള്ള,
S/o കുഞ്ഞിമൊയ്തീൻ,
പാലക്കൽ വീട്, ചെറുപള്ളി റോഡ്,
കാരക്കുന്ന് പി.ഒ., പിൻ – 676 123,
മലപ്പുറം ജില്ല. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സെക്രട്ടറി,
   തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
   തൃക്കലങ്ങോട്, മലപ്പുറം.

2. അപ്പീൽ അധികാരി&
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.09.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.10.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.11.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.02.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 05.02.2014 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പാലക്കൽ അബ്ദുള്ള, 01.02.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 05.02.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.351(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരി ഉത്തരവു നൽകിയിട്ടും എസ്.പി.ഐ.ഒ. ശരിയായ മറുപടി ലഭ്യ മാക്കിയില്ലെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 24.09.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തൃക്കലങ്ങോട് ഗ്രാമപ ഞ്ചായത്തിലെ 3-ാം വാർഡിലെ നായരങ്ങാടി പ്രാക്കുന്ന് റോഡിൽ നിന്നും നായരങ്ങാടി (കാവുപൊയിൽ പള്ളിയാളി) എന്ന പ്രദേശത്ത് റി.സ.242/13ൽ ഉൾപ്പെട്ട ടിയാന്റെ കൈവശത്തിലിരിക്കുന്ന വസ്തുവിലൂടെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് നിർമ്മിച്ച റോഡിന്റെ എസ്റ്റിമേറ്റിന്റെ പകർപ്പ് നൽകണമെ ന്നാണ്. ആയതിന് 19.10.2013ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്ന ത്, നായരങ്ങാടി പ്രാക്കുന്ന് റോഡിൽ നിന്നും നായരങ്ങാടി എന്ന പ്രദേ ശത്ത് ടിയാന്റെ കൈവശത്തിലുള്ള വസ്തുവിലൂടെ പുതുതായി റോഡുക ളൊന്നും നിർമ്മിച്ചിട്ടില്ല എന്നാണ്. ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന് 26.11.2013ന് നൽകിയ മറുപടിയിൽ രേഖപ്പെടു ത്തിയിരിക്കുന്നത്, പ്രസ്തുത ഒന്നാം അപ്പീൽ ഹർജിയും അനുബന്ധ രേഖ കളും പരിശോധിക്കുകയും അപ്പീൽ തീർപ്പാക്കുന്നതിലേയ്ക്കായി എസ്.പി. ഐ.ഒ.യെ 16.11.2013ന് നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകുകയും പ്രസ്തുത ദിവസം എസ്.പി.ഐ.ഒ. ഹാജരാകുകയും ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടുന്ന ഭൂമിയിലൂടെ മാത്രമേ നിർമ്മാണ പ്രവൃത്തികൾ നടത്താറുള്ളു വെന്നതിനാലാണ് ടിയാന്റെ കൈവശത്തിലുള്ള വസ്തുവിലൂടെ പുതിയ റോഡുകളൊന്നും നിർമ്മിച്ചിട്ടില്ല എന്ന മറുപടി ഹർജിക്കാരന് നൽകിയ

തെന്ന് ഹീയറിംഗ് വേളവിൽ എസ്.പി.ഐ.ഒ. ബോധിപ്പിച്ചുവെന്നുമാണ്. വിവരാവകാശ നിയമം 2005 പ്രകാരമുള്ള പൊതുബോധന അധികാരി എന്ന നിലയിൽ മറുപടി നൽകാത്തതിലും നൽകിയ മറുപടിയിൽ ഒന്നാം അപ്പീൽ സമർപ്പിക്കേണ്ട സമയപരിധി രേഖപ്പെടുത്താത്തതിലും എസ്.പി.ഐ.ഒ.യുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുള്ളതായും ഒരിയ്ക്കൽ കൂടി പരിശോധന നടത്തി ഹർജിക്കാരന് വ്യക്തമായ മറുപടി നൽകേണ്ടതാണെന്നും അപ്പിൽ അധികാരി നിരീക്ഷിച്ചു. ടി സാഹചര്യത്തിൽ ടി ഉത്തരവ് ലഭിച്ച് 10 ദിവസ ത്തിനകം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പരിശോധന നടത്തി വ്യക്തമായ വിവരങ്ങൾ നൽകുന്നതിനും വിവരാവകാശ നിയമം 2005 പ്രകാരം ലഭ്യമാകുന്ന അപേക്ഷകളിന്മേൽ പൊതു ബോധന അധികാരി എന്ന നിലയിൽ മറുപടി നൽകുന്നതിനും നൽകുന്ന മറുപടികളിൽ ഒന്നാം അപ്പീൽ ബോധിപ്പിക്കേണ്ട സമയപരിധി രേഖപ്പെടുത്തുന്നതിനും ശ്രദ്ധ ചെലുത്തണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഹർജി ക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവായെന്നുമാ ണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ അപ്പീൽ അധികാരി ഉത്തരവു നൽകിയിട്ടും എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയി ല്ലെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതി ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും 27.03.2014ലെ റിപ്പോർട്ടും പരിശോധിച്ച തിൽ, ഒന്നാം അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ പ്രതിപാദിച്ച പ്രകാരവും ഹീയറിംഗ് വേളയിൽ നേരിട്ട് നിർദ്ദേശിച്ച പ്രകാരവും എസ്.പി.ഐ.ഒ. ഹർജിക്കാരന് വിവരങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും റോഡ് നിർമ്മിച്ചതിന്റെ എസ്റ്റിമേറ്റ് പകർപ്പ് ആവശ്യപ്പെട്ടതിന് നടപ്പാത എന്ന പദം ഉപയോഗിച്ച് വിവരം നൽകുന്നതിൽ നിന്ന് സെക്രട്ടറി മനഃപ്പൂർവ്വം ഒഴിഞ്ഞുമാറുകയാണ് ഉണ്ടായിട്ടുള്ളതെന്നും മേൽപ്പടി റിപ്പോർട്ടിൽ അപ്പീൽ അധികാരിതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ആകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച ഗുരുതരമാകയാൽ

പ്രസ്തുത എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 15-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)